# കേരള സർവകലാശാല

നം. പി.ആർ.198/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പ്രൊഫോർമ സമർപ്പിക്കണം

കേരള സർവകലാശാല റിസർച്ച് പോർട്ടൽ പുതുക്കുന്നതിന്റേയും വിവിധ വിഷയങ്ങളിലെ ഗവേഷണ വിദ്യാർത്ഥികളുടെ നിലവിലുള്ള ഒഴിവുകൾ കണക്കാക്കുന്നതിന്റെയും ഭാഗമായി സർവകലാശാല അംഗീകരിച്ച സർവീസിലുള്ള/ വിരമിച്ച ഗവേഷണ മാർഗ്ഗദർശികൾ തങ്ങളുടെ ഗവേഷണ മാർഗ്ഗനിർദേശവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകേണ്ടതുണ്ട്. ഇതിലേക്കായി എല്ലാ ഗവേഷണ മാർഗ്ഗനിർദേശകരും (**www.research.keralauniversity.ac.in**) എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക proforma ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് സെപ്തംബർ 18-ാം തീയതിക്ക് മുമ്പായി അതാത് സർവകലാശാല പഠന വകുപ്പ് അദ്ധ്യക്ഷൻമാർ സമക്ഷം സമർപ്പിക്കേണ്ടതാണ്. സർവകലാശാല പഠന വകുപ്പുകൾ നിലവിലില്ലാത്ത വിഷയങ്ങൾക്ക് ബന്ധപ്പെട്ട ഫാക്കൽറ്റി ഡീനുമാർ സമക്ഷം proforma പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

### ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (ഐ.ഡി) (2015-17 ബാച്ച്) ഡിഗ്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 26 വരെ അപേക്ഷിക്കാം.

### സെനറ്റ് യോഗം ഒക്ടോബർ 21-ന്

കേരള സർവകലാശാല സെനറ്റ് യോഗം ഒക്ടോബർ 21-ന് രാവിലെ 8.30 മുതൽ പാളയം സെനറ്റ് ചേംബറിൽ നടത്തും. അംഗങ്ങൾ ചോദ്യങ്ങൾ സെപ്റ്റംബർ 20-നകവും പ്രമേയങ്ങൾ സെപ്റ്റംബർ 22-നകവും രജിസ്ട്രാർക്ക് സമർപ്പിക്കണം.

### എം.ടെക് സീറ്റുകൾ ഒഴിവുണ്ട്

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠന വകുപ്പിൽ എ. ഐ.സി.റ്റി.ഇ അംഗീകൃത എം.ടെക് കമ്പ്യൂട്ടർ സയൻസ് (ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിംഗ്)-ലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 13-ാം തീയതി രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം.

### സീറ്റുകൾ ഒഴിവുണ്ട്

കേരള സർവകലാശാലയിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ എസ്.ടി വിഭാഗത്തിൽ ജിയോളജി, അക്വാട്ടിക്ക് ബയോളജി ആന്റ് ഫിഷറീസ്, ബോട്ടണി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, എൻവയോൺമെന്റൽ സയൻസ്, സെന്റർ ഫോർ ഇവല്യൂഷണറി ആന്റ് ഇന്റഗ്രേറ്റഡ് ബയോളജി, ഫിസിക്സ് എന്നീ വകുപ്പുകളിലും എസ്.സി വിഭാഗത്തിൽ സ്റ്റാറ്റിസ്റ്റിക്സ് അറബിക് തമിഴ് എന്നീ വകുപ്പുകളിലും എസ്.സി

എസ്.ടി വിഭാഗത്തിൽ മാത്തമാറ്റിക്സ്, ഡെമോഗ്രഫി, ആക്ചൂറിയൽ സയൻസ്, ഹിന്ദി, ഫിലോസഫി, ലിംഗ്വിസ്റ്റിക്സ്, ഇസ്ലാമിക് സ്റ്റഡീസ്, സൈക്കോളജി, കമ്പ്യൂട്ടർ സയൻസ് എന്നീ വകുപ്പുകളിലും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്തംബർ 13-ന് രാവിലെ 10.30-ന് അതാത് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. എം.എ ഇസ്ലാമിക് ഹിസ്റ്ററി പ്രോഗ്രാമിന് പ്രസ്തുത വിഭാഗത്തിലെ എല്ലാ ബിരുദക്കാർക്കും അപേക്ഷിക്കാവുന്നതാണ്. എസ്.റ്റി വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ എസ്.സി വിഭാഗത്തിലുള്ള അപേക്ഷകരെ പരിഗണിക്കുന്നതാണ്.

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ എം.എ പൊളിറ്റിക്കൽ സയൻസ് (2017-19 ബാച്ച്) പട്ടികവർഗം (എസ്.ടി) വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 13 രാവിലെ പത്ത് മണിക്ക് കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം.

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല സെപ്റ്റംബർ 26-ന് തുടങ്ങുന്ന ബി.എ (ആന്വൽ സ്കീം) മെയിൻ സബ്സിഡിയറി വിഷയങ്ങളുടെയും ബി.എ അഫ്സൽ ഉൽ ഉലാമയുടെ മെയിൻ പേപ്പറുകളുടെ ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 11-ന് ആരംഭിക്കുന്ന പാർട്ട് മൂന്ന് ബി.കോം (ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 18 (50 രൂപ പിഴയോടെ സെപ്റ്റംബർ 20, 125 രൂപ പിഴയോടെ സെപ്റ്റംബർ 23) വരെ ഫീസടച്ച് അപേക്ഷിക്കാം. 2014 അഡ്മിഷൻ വിദ്യാർത്ഥികൾ സെപ്റ്റംബർ 11 മുതൽ ഓൺലൈനായി മാത്രം (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കേണ്ടതാണ്.

## ബി.എസ്സി ടൈം ടേബിൾ

കേരള സർവകലാശാല സെപ്റ്റംബർ 26-ന് തുടങ്ങുന്ന ബി.എസ്സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ സപ്ലിമെന്ററി പരീക്ഷയുടെ ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എഡ് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) രണ്ടും ഏഴും സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഒക്ടോബർ മൂന്ന് വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
08.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098